**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6492** **10-07-2024 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സ്വയം തൊഴിൽ വായ്പ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി- പട്ടികവർഗ്ഗ വിഭാഗങ്ങളിലെ തൊഴിൽ രഹിതരായിട്ടുളളവർക്ക് സ്വയം തൊഴിൽ സംരംഭത്തിനായി മുൻസർക്കാരും നിലവിലെ സർക്കാരും എത്ര രൂപയുടെ വായ്പ അനുവദിച്ച് നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | പട്ടികജാതി വിഭാഗത്തിലെ തൊഴിൽ രഹിതരായിട്ടുള്ളവർക്ക് സ്വയംതൊഴിൽ സംരംഭം ആരംഭിക്കുന്നതിനായി ബാങ്ക് അനുവദിക്കുന്ന വായ്പയുടെ 1/3 സബ്സിഡി തുക (പരമാവധി ഒരു ലക്ഷം രൂപ) യാണ് പട്ടികജാതി വികസന വകുപ്പിൽ നിന്നു സ്വയംതൊഴിൽ പദ്ധതി പ്രകാരം അനുവദിച്ചു വരുന്നത് . ഈ പദ്ധതി പ്രകാരം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 1568 ഗുണഭോക്താക്കൾക്കായി 11,71,28,179/- (പതിനൊന്ന് കോടി എഴുപത്തിയൊന്ന് ലക്ഷത്തി ഇരുപത്തി എണ്ണായിരത്തി ഒരുന്നൂറ്റി എഴുപത്തിയൊൻപത് രൂപ മാത്രം) രൂപയും ഈ സർക്കാരിന്റെ കാലത്ത് ഇതുവരെയായി 552 ഗുണഭോക്താക്കൾക്കായി 4,42,42,936/-(നാല് കോടി നാൽപ്പത്തിരണ്ട് ലക്ഷത്തി നാൽപ്പത്തിരണ്ടായിരത്തി തൊള്ളായിരത്തി മുപ്പത്തിയാറ് രൂപ മാത്രം) രൂപയും വകുപ്പിൽ നിന്ന് അനുവദിച്ച് നൽകിയിട്ടുണ്ട് .<br><br>പട്ടികവർഗ്ഗ വിഭാഗങ്ങളിലെ തൊഴിൽ സംരംഭത്തിനായി മുൻസർക്കാരും നിലവിലെ സർക്കാരും വായ്പകളൊന്നും തന്നെ അനുവദിച്ചിട്ടില്ല. എന്നാൽ സംരംഭകർക്ക് ധനസഹായം അനുവദിക്കുന്നതിനായി വകുപ്പ് പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട് .<br><br>പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിലെ തൊഴിൽ രഹിതരായിട്ടുള്ളവർക്ക് സ്വയം തൊഴിൽ സംരംഭത്തിനായി കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷനിൽ നിന്നും 7,50,00,000/- (ഏഴ് കോടി അൻപത് ലക്ഷം രൂപ മാത്രം) രൂപ പ്രാഥമിക സംഘങ്ങൾ വഴി സ്വയം സഹായ ഗ്രൂപ്പുകൾക്ക് വായ്പയായി നൽകിയിട്ടുണ്ട് . 2460 പേർക്കാണ് പ്രസ്തുത വായ്പ നൽകിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| | | | പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങളിലെ തൊഴിൽ രഹിതരായിട്ടുള്ളവർക്ക് സ്വയം തൊഴിൽ സംരംഭം നടത്തുന്നതിനായി പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മുഖേന മുൻസർക്കാർ 14403 പേർക്കായി 179.67 കോടി രൂപയും നിലവിലെ സർക്കാർ 10453 പേർക്കായി 168.33 കോടി രൂപയും വായ്പയായി അനുവദിച്ച നൽകിയിട്ടുണ്ട് . |
| (ബി) | പ്രസ്തുത വായ്പ എത്ര പേർക്ക് നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ? | (ബി) | പട്ടികജാതി വിഭാഗത്തിലെ തൊഴിൽ രഹിതരായിട്ടുള്ളവർക്ക് സ്വയംതൊഴിൽ സംരംഭം ആരംഭിക്കുന്നതിനായി ബാങ്ക് അനുവദിക്കുന്ന വായ്പയുടെ 1/3 സബ്സിഡി തുക (പരമാവധി ഒരു ലക്ഷം രൂപ) യാണ് പട്ടികജാതി വികസന വകുപ്പിൽ നിന്നു സ്വയംതൊഴിൽ പദ്ധതി പ്രകാരം അനുവദിച്ച വരുന്നത് . ഈ പദ്ധതി പ്രകാരം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 1568 ഗുണഭോക്താക്കൾക്കായി 11,71,28,179/- (പതിനൊന്ന് കോടി എഴുപത്തിയൊന്ന് ലക്ഷത്തി ഇരുപത്തി എണ്ണായിരത്തി ഒരുനൂറ്റി എഴുപത്തിയൊൻപത് രൂപ മാത്രം) രൂപയും ഈ സർക്കാരിന്റെ കാലത്ത് ഇതുവരെയായി 552 ഗുണഭോക്താക്കൾക്കായി 4,42,42,936/-(നാല് കോടി നാൽപ്പത്തിരണ്ട് ലക്ഷത്തി നാൽപ്പത്തിരണ്ടായിരത്തി തൊള്ളായിരത്തി മുപ്പത്തിയാറ് രൂപ മാത്രം) രൂപയും വകുപ്പിൽ നിന്ന് അനുവദിച്ച് നൽകിയിട്ടുണ്ട് .<br><br>പട്ടികവർഗ്ഗ വിഭാഗങ്ങളിലെ തൊഴിൽ സംരംഭത്തിനായി മുൻസർക്കാരും നിലവിലെ സർക്കാരും വായ്പകളൊന്നും തന്നെ അനുവദിച്ചിട്ടില്ല. എന്നാൽ സംരംഭകർക്ക് ധനസഹായം അനുവദിക്കുന്നതിനായി വകുപ്പ് പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട് .<br><br>പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിലെ തൊഴിൽ രഹിതരായിട്ടുള്ളവർക്ക് സ്വയം തൊഴിൽ സംരംഭത്തിനായി കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷനിൽ നിന്നും 7,50,00,000/- (ഏഴ് കോടി അൻപത് ലക്ഷം രൂപ മാത്രം) രൂപ പ്രാഥമിക സംഘങ്ങൾ വഴി സ്വയം സഹായ ഗ്രൂപ്പുകൾക്ക് വായ്പയായി നൽകിയിട്ടുണ്ട് . 2460 പേർക്കാണ് പ്രസ്തുത വായ്പ നൽകിയിട്ടുള്ളത്.<br><br>പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങളിലെ തൊഴിൽ രഹിതരായിട്ടുള്ളവർക്ക് സ്വയം തൊഴിൽ സംരംഭം നടത്തുന്നതിനായി പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മുഖേന മുൻസർക്കാർ 14403 പേർക്കായി 179.67 കോടി രൂപയും നിലവിലെ |

| | | | |
|---|---|---|---|
| | | | സർക്കാർ 10453 പേർക്കായി 168.33 കോടി രൂപയും വായ്പയായി അനുവദിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ